# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 592

23-05-2017 ൽ മറുപടിയ്ക്ക്

## തുറമുഖങ്ങളുടെ നവീകരണ പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എം.വിൻസെന്റ് | :<br>:<br>:<br>: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) തുറമുഖങ്ങളുടെ നവീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വിവരിക്കുമോ ; | | (എ) കൊല്ലം, അഴീക്കൽ, പൊന്നാനി, കൊടുങ്ങല്ലൂർ, ആലപ്പുഴ, ബേപ്പൂർ, വിഴിഞ്ഞം എന്നീ തുമുഖങ്ങൾ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയുടെ ഭാഗമായി നവീകരിക്കാൻ ഉദ്ദേശിക്കുന്നു, ഇതിന്റെ ഭാഗമായി കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം, വിഴിഞ്ഞം തുറമുഖത്തെ സീവേർഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ, എന്നീ പ്രവൃത്തികൾ വിവിധഘട്ടങ്ങളിലാണ്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പൊന്നാനി തുറമുഖം പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് നിർമ്മിക്കുന്നത്. ഇതിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതിയനുസരിച്ച് 763 കോടി രൂപ ചെലവിൽ പൊന്നാനിയിൽ തുറമുഖ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നവീകരണത്തിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ ; | (ബി) | നവീകരണത്തിന്റെ ഭാഗമായി ചെറുകിട തുറമുഖങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാക്കുക, ചാനലിന്റെയും ബേസിന്റെയും ആഴം കൂട്ടുക, വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുക, ഇ.ഡി.ഐ സൗകര്യം ലഭ്യമാക്കുക, ചരക്കുനീക്കം സുഗമമാക്കുന്നതിന് റീച്ച് സ്റ്റാക്കർ, ക്രെയിൻ, വെയിംഗ് മെഷീൻ, ഫോർക്ക് ലിഫ്റ്റ്, വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു. കൂടാതെ വലിയ കപ്പലുകൾ അടുക്കുന്നതിന് ടഗ്ഗിന്റെ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇതിനായുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | സംസ്ഥാന സർക്കാർ വിഹിതത്തിനു പുറമേ നബാർഡ് ധനസഹായം, കിഫ്ബി മുഖേനയുള്ള ധനസഹായം, കേന്ദ്രസർക്കാരിന്റെ ധനസഹായം എന്നിവ വഴി തുക സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത് . |

സെക്ഷൻ ഓഫീസർ